പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4221

28.06.2012-ലെ
മറുപടിക്ക്.

<u>അദ്ധ്യാപക പാക്കേജ്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും നിയമന അംഗീകാരം ലഭിക്കാതെ ജോലി ചെയ്തിരുന്ന എത്ര അദ്ധ്യാപകരെയാണ് അദ്ധ്യാപക പാക്കേജ് മുഖേന അംഗീകരിച്ചതെന്നു വ്യക്തമാക്കുമോ;<br><br>(ബി) ഗവൺമെന്റ് സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്കും എയ്ഡഡ് സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്കും ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും<br><br>ഗവൺമെന്റ് സ്കൂളുകളിൽ ശമ്പളം ലഭിക്കാതെ ജോലിചെയ്യുന്ന അദ്ധ്യാപകരില്ല. എയിഡഡ് സ്കൂളുകളിൽ ശമ്പളം ലഭിക്കാതിരുന്ന 2810 അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) അദ്ധ്യാപക പാക്കേജിലൂടെ നിയമന അംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ജില്ല, സ്കൂൾ എന്നിവ തരം തിരിച്ച് പേരു വിവരവും അവർ പ്രസ്തുത സ്കൂളുകളിൽ സർവ്വീസിൽ പ്രവേശിച്ച വർഷവും വ്യക്തമാക്കുമോ; | (സി) ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അദ്ധ്യാപക പാക്കേജിലൂടെ നിയമന അംഗീകാരം ലഭിച്ച അദ്ധ്യാപകരെല്ലാം ശമ്പളം വാങ്ങിതുടങ്ങി എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ഡി) | നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരിൽ വളരെ ചെറിയ ഒരു വിഭാഗത്തിന് ശമ്പളം ലഭിക്കാനുണ്ട്. അവർക്ക് ശമ്പളം നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കി ശമ്പളം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | അദ്ധ്യാപക പാക്കേജിലൂടെ നിയമനാംഗീകാരം നൽകിയതിനു ശേഷം ഏതെല്ലാം എയ്ഡഡ് സ്കൂളുകളിൽ പുതിയ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും അത്തരത്തിൽ സംസ്ഥാനത്ത് എത്ര അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഇ) | അദ്ധ്യാപക പാക്കേജ് നിയമനാംഗീകാരം നൽകിയതിനു ശേഷം എയിഡഡ് സ്കൂളുകളിൽ നടത്തിയ പുതിയ നിയമനങ്ങൾ സംബന്ധിച്ച് വിവരം ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ